## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - പി.റ്റി. മാത്യു കമ്മിറ്റി റിപ്പോർട്ട് - ഗ്രാമവികസന കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തിക ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലേക്ക് ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

**സ.ഉ.(കൈ) നം. 159/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 11.09.2014.**

---

പരാമർശം: 1) പി.റ്റി. മാത്യു കമ്മിറ്റി പഠന റിപ്പോർട്ട്.
2) ഗ്രാമവികസന കമ്മീഷണറുടെ 13.02.2012-ലെ 3009/എസ്റ്റാ.എ1/2012/സിആർഡി നമ്പർ കത്ത്.
3) ധനകാര്യ വകുപ്പിന്റെ 23.05.2014-ലെ111397/ഡെവ.1/13/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

### ഉത്തരവ്

ഗ്രാമവികസന കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തിക ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയായി ഉയർത്തണമെന്ന് പരാമർശം (1) പ്രകാരം പി.റ്റി.മാത്യു കമ്മിറ്റി പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

2) പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി സർവ്വീസ് പ്രശ്നങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചതായും ഇത്തരം സർവ്വീസ് പ്രശ്നങ്ങൾ അവധാനതയോടെ കൈകാര്യം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കി പ്രാവീണ്യമുള്ള ഒരു മുതിർന്ന ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമാണെന്നും, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പരിപാടിയുടെ ജില്ലാതല ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥന്മാരായതിനാൽ അവരുൾപ്പെടെയുള്ള ജില്ല/ബ്ലോക്കുതല ഉദ്യോഗസ്ഥന്മാരുൾപ്പെടെയുള്ളവരുടെ സർവ്വീസ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലോ അതിനു മുകളിലെ റാങ്കിലോ ഉള്ള ഉദ്യോഗസ്ഥർ ആയിരിക്കേണ്ടത് ആവശ്യമാണെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു. ആയതിനാൽ പദ്ധതികളിൽ ഉണ്ടായിട്ടുള്ള വൈപുല്യവും ഭരണ കാര്യങ്ങളിൽ ഉണ്ടായ വർദ്ധനവും ജില്ലാതല ഉദ്യോഗസ്ഥരുടെ റാങ്കിൽ ഉണ്ടായിട്ടുള്ള ഉയർച്ചയും പരിഗണിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് കൈകാര്യം ചെയ്യുന്ന ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തിക ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലേക്ക് ഉയർത്തണമെന്ന പി.റ്റി.മാത്യു കമ്മിറ്റി ശുപാർശ

നടപ്പിലാക്കണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ പഠന റിപ്പോർട്ടിലെ ശിപാർശയുടേയും പരാമർശം (2)-ലെ ഗ്രാമവികസന കമ്മീഷണറുടെ കത്തിന്റേയും അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തിക ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലേക്ക് ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ.രാജൻ ഖോബ്രാഗഡേ**
**സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( അനൗദ്യോഗിക നം. 111397/ഡെവ.1/13/ധന,
തീയതി 23.05.2014 പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 5584 പ്രകാരം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheeja

സെക്ഷൻ ഓഫീസർ